എ.വൈ.ആർ

സാമൂഹികമായ ഐക്യവും കെട്ടുറപ്പും കഴിഞ്ഞാൽ പിന്നെ മുസ്‌ലിംകളുടെ ഏറ്റവും വലിയ ശക്തി ഉന്നതമായ ധർമനിഷ്ഠയും സദാചാര പ്രതിബദ്ധതയുമാണ്. ഇവ തകർക്കപ്പെടുന്നത് ഒരു വശത്ത് അവരിൽ ശൈഥില്യം വളരാനും മറുവശത്ത് ജനങ്ങൾക്ക് അവരിലുള്ള മതിപ്പും വിശ്വാസവും ക്ഷയിക്കാനും കാരണമാകും.



وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ وَأَنَّ اللَّهَ تَوَّابٌ حَكِيمٌ ﴿١٠﴾

**10.** നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിലും, അല്ലാഹു ഏറെ പശ്ചാത്താപം കൈക്കൊള്ളുന്നവനും യുക്തിജ്ഞനും അല്ലായിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നിങ്ങൾ വലിയ കുഴപ്പത്തിലകപ്പെടുമായിരുന്നു.

**10**

وَلَوْلَا فَضْلُ اللَّهِ= അല്ലാഹുവിന്റെ അനുഗ്രഹം(വും) ഇല്ലായിരുന്നുവെങ്കിൽ(ലും) عَلَيْكُمْ= നിങ്ങളിൽ
وَرَحْمَتُهُ= അവന്റെ കാരുണ്യവും وَأَنَّ اللَّهَ= അല്ലാഹു അല്ലായിരുന്നുവെങ്കിലും
تَوَّابٌ= (വനും) ഏറെ പശ്ചാത്താപം കൈക്കൊള്ളുന്ന(വനും) حَكِيمٌ= യുക്തിജ്ഞ(നും)നായ

അന്യർക്കെതിരെ വ്യഭിചാരം ആരോപിക്കുന്നത് സംബന്ധിച്ച് നിയമം നൽകിയ ശേഷം 4-ാം സൂക്തത്തിൽ നൽകിയതുപോലുള്ള ഒരുദ്ബോധനമാണിത്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ എന്ന വാക്യത്തിന്റെ പൂരകം അനുക്തമാണ്. ഭാര്യാഭർത്താക്കന്മാർക്കിടയിലുയരുന്ന വ്യഭിചാരാരോപണം നിങ്ങൾക്ക് ഒരു സങ്കീർണമായ പ്രശ്നമാവുകയും വലിയ കുഴപ്പങ്ങൾക്കിടയാവുകയും ചെയ്യുമായിരുന്നു എന്നാണതെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നു. നാലാം സൂക്തത്തിലെ ഉദ്ബോധനവും അത് സൂചിപ്പിക്കുന്നുണ്ട്. അല്ലാഹു കാരുണികനും ദാസന്മാരുടെ പശ്ചാത്താപം കൈക്കൊള്ളുന്നവനുമായതിനാൽ പശ്ചാത്തപിക്കാനും സ്വയം സംസ്കരിക്കാനും ഉതകുന്ന സുവ്യക്തവും സുഭദ്രവുമായ നിയമങ്ങൾ നൽകി നിങ്ങളെ അനുഗ്രഹിക്കുകയാണെന്നും അല്ലെങ്കിൽ വ്യഭിചാരം, വ്യഭിചാര ശങ്ക പോലുള്ള പ്രശ്നങ്ങൾ നിങ്ങളെ അനാശാസ്യ നടപടികളിലകപ്പെടുത്തി ദൈവകോപത്തിനിരകളാക്കുമായിരുന്നു എന്നുമാണ് അവിടെ വ്യക്തമാക്കിയത്. അതേ ആശയം ഈ സൂക്തവും ഉൾക്കൊള്ളുന്നു. ■

إِنَّ الَّذِينَ جَاءُوا بِالْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ
خَيْرٌ لَّكُمْ ۚ لِكُلِّ امْرِئٍ مِّنْهُم مَّا اكْتَسَبَ مِنَ الْإِثْمِ ۚ وَالَّذِي تَوَلَّىٰ كِبْرَهُ
مِنْهُمْ لَهُ عَذَابٌ عَظِيمٌ ﴿١١﴾

**11.** ഈ അപവാദം കെട്ടിച്ചമച്ചത് നിങ്ങളിൽ തന്നെയുള്ള ഒരുപിടി ആളുകളാകുന്നു. അതു നിങ്ങൾക്കു ദോഷകരമായി കരുതേണ്ട. പ്രത്യുത നിങ്ങൾക്കു ഗുണകരമാണത്. അതിൽ പങ്കെടുത്ത ഓരോ വ്യക്തിക്കും തന്റെ പങ്കിനൊത്ത കുറ്റമുണ്ട്. അക്കൂട്ടത്തിൽ അതിന്റെ മുഖ്യകാർമികത്വം വഹിച്ചവനുണ്ടല്ലോ, അയാൾക്കുള്ളത് ഭയാനകമായ ശിക്ഷയാകുന്നു.

## 11

إِنَّ الَّذِينَ جَاءُوا = കൊണ്ടുവന്നവർ (കെട്ടിച്ചമച്ചത്) بِالْإِفْكِ = ഈ അപവാദം, വ്യാജവാർത്ത
عُصْبَةٌ = ഒരുപറ്റം (പിടി) ആളുകളാകുന്നു مِنْكُمْ = നിങ്ങളിൽനിന്നു(തന്നെയു)ള്ള لَا تَحْسَبُوهُ = നിങ്ങൾ അതിനെ കരുതേണ്ട
شَرًّا لَكُمْ = നിങ്ങൾക്ക് ദോഷമായിട്ട് بَلْ = പ്രത്യുത هُوَ خَيْرٌ لَكُمْ = നിങ്ങൾക്ക് ഗുണകരമാണത്
لِكُلِّ امْرِئٍ مِنْهُمْ = അവരിൽ ഓരോ മനുഷ്യന്നും (അതിൽ പങ്കെടുത്ത ഓരോ വ്യക്തിക്കും) ഉണ്ട്
مَا اكْتَسَبَ = അയാൾ സമ്പാദിച്ചത് (തന്റെ പങ്കിനൊത്തത്) مِنَ الْإِثْمِ = കുറ്റത്താൽ
وَالَّذِي تَوَلَّى = ഏറ്റെടുത്തവൻ (വഹിച്ചവൻ ഉണ്ടല്ലോ) كِبْرَهُ = അതിന്റെ മുഖ്യഭാഗം (മുഖ്യകാർമികത്വം)
مِنْهُمْ = അക്കൂട്ടത്തിൽനിന്ന് لَهُ = അവനുണ്ട് (അയാൾക്കുള്ളത്) عَذَابٌ عَظِيمٌ = ഭയാനകമായ ശിക്ഷയാകുന്നു

സന്മാർഗനിഷ്ഠരായ മാന്യന്മാരിൽ അനാശാസ്യപ്രവർത്തനം ആരോപിക്കുന്നതിന്റെയും അത്തരം കഥകൾ പ്രചരിപ്പിക്കുന്നതിന്റെയും അപകടത്തെക്കുറിച്ചും അത്തരം സംഭവങ്ങളുണ്ടാകുമ്പോൾ സ്വീകരിക്കേണ്ട നിയമ നടപടികളെക്കുറിച്ചുമാണല്ലോ മുൻസൂക്തങ്ങൾ സംസാരിച്ചത്. പ്രസ്തുത സൂക്തങ്ങൾഅവതരിച്ച്കുറച്ചുകാലംകഴിഞ്ഞശേഷമാണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. സമൂഹത്തിന്റെ നേതൃപദവിയിലുള്ളവരും ആദരണീയരുമായ ആളുകളെക്കുറിച്ച് നീചമായ അപവാദങ്ങൾ പ്രചരിക്കുന്നതിന്റെ അപകടമാണ് ഈ സൂക്തങ്ങൾ ഗൗരവപൂർവം ചർച്ച ചെയ്യുന്നത്. ഹിജ്റ ആറാം വർഷം ഈ സൂക്തങ്ങൾ അവതരിച്ചതിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്. മദീനയിലേക്കുള്ള പ്രവാചകന്റെയും മുഹാജിറുകളുടെയും ആഗമനവും, ആ നഗരം അൻസ്വാറുകളും മുഹാജിറുകളും അവിശ്വാസികളും യഹൂദരും ഉൾക്കൊള്ളുന്ന ഒരു പൗര രാഷ്ട്രമായി മാറിയതും പ്രവാചകൻ (സ) അതിന്റെ നായകനായിത്തീർന്നതും തുടക്കം മുതലേ ഇഷ്ടപ്പെടാത്ത ചിലർ അവിടെ ഉണ്ടായിരുന്നു. അവരിൽ വലിയൊരു വിഭാഗം പുറമേക്ക് വിശ്വാസികളായി നടിച്ച് മുസ്‌ലിം സമൂഹത്തിന്റെ ഭാഗമായി വർത്തിച്ചു. ഇവർ മുനാഫിഖുകൾ എന്നറിയപ്പെടുന്നു. തങ്ങൾ വലിയൊരു ശക്തിയായിത്തീർന്ന്, അല്ലെങ്കിൽ ഏതെങ്കിലും അറേബ്യൻ ഗോത്രങ്ങളുടെ സൈന്യം വന്ന് മദീനയിൽനിന്ന് ഇസ്‌ലാമിനെ തുരത്തുന്നതും കാത്തിരിക്കുകയായിരുന്നു അവർ. ഖസ്റജ് ഗോത്രത്തിലെ പ്രമുഖനായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സുലൂൽ ആയിരുന്നു ഈ വിഭാഗത്തിന്റെ തലവൻ. പ്രവാചകൻ (സ) മദീനയിലെത്തുന്നതിനു മുമ്പ് മദീനയുടെ രാജാവായി അഭിഷിക്തനാവാൻ തയാറെടുക്കുകയായിരുന്നു ഇയാൾ. പ്രവാചകന്റെ ആഗമനം അദ്ദേഹത്തിന്റെ കിരീടമോഹം തകിടം മറിച്ചു. സ്വന്തം ഗോത്രത്തിലെയും ഔസ് ഗോത്രത്തിലെയും ബഹുഭൂരിഭാഗം അംഗങ്ങളും ഇസ്‌ലാം സ്വീകരിച്ചതോടെ അയാളുടെ മോഹത്തിന് ഒരു വിലയുമില്ലാതായി. അന്നത്തെ സാഹചര്യത്തിൽ പ്രത്യക്ഷത്തിൽ ഇസ്‌ലാമിന്റെ ശത്രുവായി പ്രവർത്തിച്ചാൽ നാട്ടിൽ അയാൾ തികച്ചും ഒറ്റപ്പെട്ടുപോകുമായിരുന്നു. സ്ഥിതിഗതികളിൽ മാറ്റമുണ്ടാക്കാനുള്ള അവസരം ഇല്ലാതാവുകയും ചെയ്യും. അതിനാൽ അയാൾ സന്ദർഭം പാർത്തുകൊണ്ടിരുന്നു. മദീനക്കെതിരായി ഉണ്ടായ യുദ്ധങ്ങളെല്ലാം അയാളുടെ പ്രതീക്ഷക്ക് വിരുദ്ധമായി ഇസ്‌ലാമിന്റെ ശക്തിയും പ്രതാപവും വർധിപ്പിച്ചുകൊണ്ടേയിരുന്നു. സൈനിക നീക്കത്തിലൂടെ പ്രവാചകനെയും വിശ്വാസികളെയും മദീനയിൽനിന്ന് പുറത്താക്കുക അസാധ്യമാണെന്ന് മുനാഫിഖുകൾ മനസ്സിലാക്കി.

പിന്നെ അവർക്ക് മുമ്പിലുണ്ടായിരുന്നത് രണ്ട് വഴികളാണ്: 1) ആഭ്യന്തര കലഹങ്ങളുണ്ടാക്കി മുസ്‌ലിം സമുദായത്തിന്റെ കെട്ടുറപ്പു തകർക്കുക. അൻസ്വാറുകളെയും മുഹാജിറുകളെയും പരസ്പരം പൊരുതുന്ന രണ്ട് ചേരികളാക്കി മാറ്റുക. അങ്ങനെയായാൽ മദീനയിലെ തദ്ദേശീയർ മക്കക്കാരായ പ്രവാസികളെ അനായാസം തുരത്തിക്കൊള്ളും. 2) സാമൂഹികമായ ഐക്യവും കെട്ടുറപ്പും കഴിഞ്ഞാൽ പിന്നെ മുസ്‌ലിംകളുടെ ഏറ്റവും വലിയ ശക്തി ഉന്നതമായ ധർമനിഷ്ഠയും സദാചാര പ്രതിബദ്ധതയുമാണ്. ഇവ തകർക്കപ്പെടുന്നത് ഒരു വശത്ത് അവരിൽ ശൈഥില്യം വളരാനും മറുവശത്ത് ജനങ്ങൾക്ക് അവരിലുള്ള മതിപ്പും വിശ്വാസവും ക്ഷയിക്കാനും കാരണമാകും. പ്രമുഖരായ വിശ്വാസികളെക്കുറിച്ചും അവരുടെ നേതാക്കളെക്കുറിച്ചും ഏറ്റം വഷളായ അപവാദങ്ങൾ പ്രചരിപ്പിക്കുകയാണ് അതിനുള്ള മാർഗം. ആധുനിക കാലത്തും പ്രതിയോഗികൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ ഏറ്റം ശാസ്ത്രീയമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നത് ഈ രണ്ടു തന്ത്രങ്ങൾ തന്നെയാണ്. ഒരു ഭാഗത്ത് ഇസ്‌ലാമിക ചരിത്രത്തെ കള്ളക്കഥകളാൽ മലീമസമാക്കിക്കൊണ്ടിരിക്കുന്നു. പ്രവാചകൻ (സ) നികൃഷ്ടമാംവിധം അപഹസിക്കപ്പെടുകയും അപകീർത്തിപ്പെടുത്തപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. മറുവശത്ത് മുസ്‌ലിം സമൂഹങ്ങളെ ദേശീയമായും വംശീയമായും ഭാഷാപരമായും രാഷ്ട്രീയമായുമൊക്കെ വേർതിരിച്ചുനിർത്തി പരസ്പരം കലഹിപ്പിക്കുന്നു. മുസ്‌ലിം രാഷ്ട്രങ്ങൾ യുദ്ധം ചെയ്യുന്നത്, മുസ്‌ലിംകളുടെ ജന്മദേശത്തുനിന്ന് അവരെ ആട്ടിയോടിച്ച് ആ ദേശത്തെ സ്വന്തം ദേശമാക്കി വാഴുന്നവരോടല്ല. ആ അതിക്രമത്തിനു കൂട്ടുനിൽക്കുന്നവരോടുമല്ല. മറിച്ച് സ്വന്തം സഹോദര രാഷ്ട്രങ്ങളോടാണ്.

രാഷ്ട്രത്തിന്റെ മേൽവിലാസമില്ലാത്ത തീവ്രവാദ-ഭീകര സംഘടനകളും കൊന്നൊടുക്കുന്നത് ഏറെയും മുസ്‌ലിംകളെയാണ്. ഇവിടെ സൂചിപ്പിച്ച രണ്ടു കുതന്ത്രങ്ങളും ഒന്നിച്ചു പരീക്ഷിക്കപ്പെട്ട ആദ്യ സന്ദർഭമായിരുന്നു ബനുൽ മുസ്ത്വലിഖ് യുദ്ധാനന്തരനാളുകൾ.

ബുഖാരിയും മുസ്‌ലിമും ഉൾപ്പെടെയുള്ള ഹദീസ് ഗ്രന്ഥങ്ങൾ ഈ സംഭവം ചെറിയ വ്യത്യാസങ്ങളോടെ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെ സംഗ്രഹിക്കാം:

ജിദ്ദ പട്ടണത്തിന്റെയും റാബഗിന്റെയും ഇടക്കുള്ള ഖുദൈദിലെ മുറൈസീഅ് തടാകതീരത്തു വസിച്ചിരുന്ന മുസ്ത്വലിഖ് ഗോത്രം മദീനയെ ആക്രമിക്കാൻ കോപ്പുകൂട്ടുന്നതായി ഹിജ്റ 6-ാം വർഷം ശഅ്ബാൻ മാസം നബി(സ)ക്ക് വിവരം ലഭിച്ചു. ഖുസാഅ ഗോത്രത്തിന്റെ ഉപഗോത്രമാണ് മുസ്ത്വലിഖ് ഗോത്രം.

ആപത്ത് മൂർഛിക്കുന്നതിനുമുമ്പ് അതില്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നബി(സ)യും ശിഷ്യന്മാരും ഒരു പടയുമായി അവർക്കു നേരെ പുറപ്പെട്ടു. മുറൈസീഅ് തീരത്തുവെച്ച് മുസ്‌ലിം സൈന്യം ബനുൽമുസ്ത്വലിഖുമായി ഏറ്റുമുട്ടി. അധികം വൈകാതെ ശത്രുക്കൾ ആയുധംവെച്ച് കീഴടങ്ങുകയായിരുന്നു. സൈനിക പ്രവർത്തനം അവസാനിച്ച ശേഷം നബി(സ)യും അനുചരന്മാരും മുറൈസീഇൽ വിശ്രമിക്കവെ ഉമറി(റ)ന്റെ ഭൃത്യൻ ജഹ്ജാഹുബ്നു മസ്ഊദിൽ ഗിഫാരിയും ഖസ്‌റജ് ഗോത്രത്തിന്റെ സഖ്യഗോത്രത്തിൽപെട്ട സിനാനുബ്നു വബറുൽ ജുഹനിയും തമ്മിൽ വെള്ളത്തെച്ചൊല്ലി ഒരു കശപിശയുണ്ടായി. ഒരാൾ അൻസ്വാരികളുടെയും അപരൻ മുഹാജിറുകളുടെയും സഹായം തേടി. രണ്ടു പക്ഷത്തും ആളുകൾ വന്നുചേരുകയും പ്രശ്നം പറഞ്ഞൊതുക്കുകയും ചെയ്തു. പക്ഷേ ഖസ്‌റജ് നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സുലൂൽ മുസ്‌ലിംകളിൽ ആഭ്യന്തര കലഹം സൃഷ്ടിക്കാൻ ഇതൊരവസരമായി കണ്ടു. അയാൾ ആക്രോശിച്ചു: ''ഈ അഭയാർഥികളിതാ നമ്മുടെ തലയിൽ കയറുകയാണ്. കടിക്കുന്ന പട്ടിയെ കാശുകൊടുത്തുകൊണ്ടതുപോലെയായി ഖുറൈശി തെണ്ടികളോടുള്ള നമ്മുടെ സമീപനം. നാം സ്വയം വരുത്തിവെച്ച വിനകളാണിതൊക്കെ. നമ്മൾ അവരെക്കൊണ്ടുവന്ന് സ്വന്തം നാട്ടിൽ കുടിയിരുത്തി. നമ്മുടെ ഭൂമിയും സമ്പത്തും അവർക്കു പങ്കുവെച്ചു. ഇന്നു തന്നെ ഈ സഹായങ്ങൾ പിൻവലിക്കുകയാണെങ്കിൽ അവർ നിരാലംബരായി അലഞ്ഞു നടക്കുന്നതു കാണാം. ദൈവത്താണ, മദീനയിൽ മടങ്ങിയെത്തിയാൽ അവിടത്തെ പ്രതാപികളായ നമ്മൾ ഈ പതിതരെ ആട്ടിപ്പായിക്കുക തന്നെ വേണം.'' സൂറഃ *അൽമുനാഫിഖൂനി*ലെ

يَقُولُونَ لَا تُنفِقُوا عَلَىٰ مَنْ عِندَ رَسُولِ اللَّهِ حَتَّىٰ يَنفَضُّوا ۗ ... لَئِن رَّجَعْنَا إِلَى الْمَدِينَةِ لَيُخْرِجَنَّ الْأَعَزُّ مِنْهَا الْأَذَلَّ ۚ...

(അവർ-കപടന്മാർ-ഘോഷിക്കുന്നു: 'ദൈവദൂതന്റെ അടുത്തുള്ളവർക്കുവേണ്ടി നിങ്ങൾ ചെലവഴിക്കാതിരിക്കുവിൻ. അങ്ങനെ അവർ പിരിഞ്ഞുപൊയ്ക്കൊള്ളും..., നമ്മൾ മദീനയിൽ തിരിച്ചെത്തിയാൽ തീർച്ചയായും അവിടത്തെ പ്രതാപികൾ ഈ പതിതരെ പുറംതള്ളുക തന്നെ ചെയ്യും...) എന്നീ വാക്യങ്ങൾ (7,8) ഉബയ്യിന്റെ ഈ പ്രഘോഷണത്തെയാണ് സൂചിപ്പിക്കുന്നത്.

ആപത്ത് കനക്കുന്നതു കണ്ട് ഉമർ (റ) ഉബയ്യിനെകൊന്നുകളയണമെന്ന് അഭിപ്രായപ്പെട്ടുവെങ്കിലും പ്രവാചകൻ അതു സമ്മതിച്ചില്ല. അന്തരീക്ഷം കൂടുതൽ വഷളാകാനനുവദിക്കാതെ അവിടെനിന്ന് രായ്ക്കുരാമാനം യാത്ര ചെയ്യാൻ നബി (സ) ഉത്തരവിട്ടു. പിറ്റേന്ന് ഉച്ചവരെ എവിടെയും തങ്ങാതെ അവർ സഞ്ചരിച്ചുകൊണ്ടിരുന്നു. ജനങ്ങൾ അനാവശ്യ വർത്തമാനങ്ങളിലേർപ്പെടാതിരിക്കാനും നന്നായി ക്ഷീണിതരാകാനുമായിരുന്നു വിശ്രമമില്ലാത്ത ഈ യാത്ര. പാളയത്തിൽപടയുണ്ടാക്കാനുള്ള ഉബയ്യിന്റെ ശ്രമം അങ്ങനെ പരാജയപ്പെട്ടുവെങ്കിലും അപ്പോഴേക്കും പ്രവാചക പത്നി ആഇശ(റ)യെ അപകീർത്തിപ്പെടുത്താനും അതുവഴി പ്രവാചകനെയും യഥാർഥ വിശ്വാസികളെയും നാണം കെടുത്താനും അവരോടുള്ള ജനങ്ങളുടെ മതിപ്പും വിശ്വാസവും ക്ഷയിപ്പിക്കാനും പറ്റുന്ന മറ്റൊരായുധം കപട വിശ്വാസികൾക്ക് കിട്ടി. അതാണ് അപവാദ കഥ- حديث الإفك - എന്ന പേരിൽ പ്രസിദ്ധമായ സംഭവം.

പ്രവാചകൻ യാത്ര ചെയ്യുമ്പോൾ ഭാര്യമാരിലൊരാളെ കൂടെ കൂട്ടുന്ന പതിവുണ്ടായിരുന്നു. നറുക്കിട്ടാണ് ഏതു ഭാര്യയെയാണ് കൂടെ കൊണ്ടുപോകേണ്ടതെന്ന് തീരുമാനിക്കുക. ബനുൽ മുസ്ത്വലിഖ് യുദ്ധയാത്രയിൽ നറുക്ക് വീണത് ആഇശ(റ)ക്കായിരുന്നു. അവർ പ്രവാചകനോടൊപ്പം പോയി. യുദ്ധം കഴിഞ്ഞ് വിശ്രമിക്കവെ പെട്ടെന്ന് പുറപ്പെടാൻ നബി (സ) ഉത്തരവിട്ടപ്പോൾ ആഇശ (റ) ശൗച്യം ചെയ്യാൻ വെളിയിൽ പോയി. തിരിച്ചുവന്നപ്പോൾ അവർ കഴുത്തിലണിഞ്ഞ മുത്തുമാല കളഞ്ഞുപോയിരുന്നു. ആഇശ(റ) ആ മാലയും പരതി വെളിയിൽ നടക്കുന്നതിനിടെ അവരുടെ യാത്രയുടെ ചുമതല വഹിച്ചിരുന്നവർ അവരുടെ ഒട്ടകക്കൂടാരമെടുത്ത് അവർക്ക് സഞ്ചരിക്കാനുള്ള ഒട്ടകത്തിന്റെ പുറത്തു സ്ഥാപിച്ചു. കൂടാരത്തിൽ ആളില്ല എന്ന കാര്യം അവരുടെ ശ്രദ്ധയിൽപെട്ടില്ല. അവർ പതിവുപോലെ ഒട്ടകത്തെ സംഘത്തോടൊപ്പം തെളിച്ചുകൊണ്ടിരുന്നു. പിറ്റേന്ന് ഉച്ചവരെ സൈന്യം എവിടെയും താവളമടിക്കാതിരുന്നതിനാൽ അതുവരെ ആഇശയുടെ അസാന്നിധ്യം ആരും അറിഞ്ഞില്ല.

ആഇശ (റ) മാല കണ്ടെടുത്ത് തിരിച്ചെത്തിയപ്പോഴേക്കും താവളം വിജനമായിരുന്നു. സൈന്യം സ്ഥലംവിട്ടുകഴിഞ്ഞു. തന്നെ കാണാതാകുമ്പോൾ ആളുകൾ തേടിവരും എന്നു കരുതി അവർ നേരത്തേ താമസിച്ച സ്ഥലത്തു ചെന്ന് ഇരിപ്പായി. ആ ഇരിപ്പിൽ അവർ ഉറങ്ങിപ്പോയി. സൈന്യം താവളം വിടുമ്പോൾ അവർ കളഞ്ഞുപോയതും മറന്നുപോയതുമായ സാധനങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി ഒരാൾ അതൊക്കെ തെരഞ്ഞുകൊണ്ട് കുറേ നേരം അവിടെ തങ്ങുന്ന പതിവുണ്ടായിരുന്നു. പ്രവാചകനും ശിഷ്യന്മാരും മുറൈസീഅ് വിടുമ്പോൾ ആ ചുമതല ഏൽപ്പിക്കപ്പെട്ടത് സ്വഫ്‌വാനുബ്നു മുഅത്ത്വൽ സുലമി എന്ന സ്വഹാബിയിലാണ്. ഖൻദഖ് ഉൾപ്പെടെ അനേകം യുദ്ധങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ധീരഭടനാണിദ്ദേഹം. ദമസ്കസ് വിമോചന യുദ്ധത്തിലും പങ്കെടുത്തു. അർമീനിയയിൽവെച്ച് രക്തസാക്ഷിയായി.

രക്തസാക്ഷിയായത് ഹി. 19-ാം വർഷമാണെന്നും 60-ാം വർഷമാണെന്നും രണ്ടു പ്രസ്താവനകളുണ്ട്. സ്വഫ്‌വാൻ ഗാഢനിദ്രയിലായിരുന്നതുകൊണ്ടാണ് സംഘത്തിന്റെ പിന്നിലായതെന്നും നിവേദനമുണ്ട്. ഏതായാലും പുലർച്ചെ ഉണർന്നപ്പോൾ അദ്ദേഹം മങ്ങിയ വെളിച്ചത്തിൽ ഒരു മനുഷ്യരൂപം കണ്ട് അടുത്തു ചെന്നപ്പോൾ അത് പ്രവാചക പത്നി ആഇശ(റ)യാണെന്ന് തരിച്ചറിഞ്ഞു. അവരെ അദ്ദേഹത്തിന് പണ്ടേ കണ്ട പരിചയമുണ്ടായിരുന്നു. ആളെ മനസ്സിലായപ്പോൾ സ്വഫ്‌വാൻ 'ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ... പ്രവാചക പത്നിയാണല്ലോ ഇത്' എന്നുപറഞ്ഞു. അതു കേട്ട് ഉണർന്ന ആഇശ (റ) ഒന്നും ഉരിയാടാതെ തന്റെ ഉത്തരീയം താഴ്ത്തിയിട്ട് മുഖം മറച്ചു. സ്വഫ്‌വാൻ ഒന്നും പറയാതെ തന്റെ ഒട്ടകത്തെ അവരുടെ മുന്നിൽ മുട്ടുകുത്തിച്ചു. അവർ ഒട്ടകപ്പുറത്തു കയറി. സ്വഫ്‌വാൻ ഒട്ടകത്തെ തെളിച്ചു യാത്രയായി. അങ്ങനെ അവർ സൈന്യം ഉച്ചനേരത്ത് വിശ്രമിക്കാനിറങ്ങിയ സ്ഥലത്തെത്തി.

ഇതു കണ്ട് അബ്ദുല്ലാഹിബ്നു ഉബയ്യ് വിളിച്ചുകൂവി: ''അല്ലാഹുവാണ, ഈ സ്ത്രീ പതിവ്രതയായല്ല വന്നിട്ടുള്ളത്. നോക്കൂ, നിങ്ങളുടെ പ്രവാചകന്റെ പത്നി മറ്റൊരു പുരുഷനുമൊത്ത് അന്തിയുറങ്ങി. ഇപ്പോഴിതാ അയാൾ അവളെ പരസ്യമായി നമ്മുടെ മുന്നിൽ കൊണ്ടുവന്നിരിക്കുന്നു.'' വാർത്ത കാട്ടുതീ പോലെ ജനങ്ങളിൽ പടർന്നു.

സംഘം മദീനയിൽ തിരിച്ചെത്തിയ ഉടനെ ആഇശ(റ) രോഗഗ്രസ്തയായി. ഒരു മാസത്തോളം ശയ്യാവലംബിയായിരുന്നു. തന്നെക്കുറിച്ച് നാട്ടിൽ അപവാദം പ്രചരിക്കുന്ന കഥയൊന്നും അവർ അറിഞ്ഞിരുന്നില്ല. പക്ഷേ നബിയുടെ കാതുകളിൽ അതെത്തിയിരുന്നു. സാധാരണ അവർ രോഗിണിയാകുമ്പോൾ കാണിക്കാറുള്ള അലിവും കനിവും ഇക്കുറി അവിടുന്ന് അവരോട് കാണിച്ചില്ല. വീട്ടിൽ വന്ന്, 'അവർക്കെങ്ങനെയുണ്ട്' എന്ന് വീട്ടുകാരോട് അന്വേഷിക്കുക മാത്രം ചെയ്യും. അതിലെന്തോ പന്തികേടുണ്ടെന്ന് ആഇശ(റ)ക്ക് തോന്നിയിരുന്നു. ഒടുവിൽ അവർ കൂടുതൽ പരിചരണം ആഗ്രഹിച്ചുകൊണ്ട് പ്രവാചകന്റെ അനുമതിയോടെ സ്വന്തം വീട്ടിലേക്ക് മാറി. അവിടെ മിസ്ത്വഹിന്റെ മാതാവും അവരോടൊപ്പമുണ്ടായിരുന്നു. അബൂബക്റി(റ)ന്റെ ഒരകന്ന സഹോദരിയായിരുന്നു അവർ. ഹിജ്റക്കു ശേഷം അവരുടെയും മകൻ മിസ്ത്വഹിന്റെയും ജീവിതാവശ്യങ്ങൾ നിവർത്തിച്ചുകൊടുത്തിരുന്നത് അബൂബക്റാ(റ)യിരുന്നു. ബദ്റിൽ പങ്കെടുത്തിട്ടുള്ള സ്വഹാബിയാണ് മിസ്ത്വഹുബ്നു ഉസാസ. ഒരിക്കൽ ആഇശ(റ)യുമൊത്തു വെളിക്കിറങ്ങിയ ഉമ്മു മിസ്ത്വഹ്, മിസ്ത്വഹിനെ ശപിച്ചുകൊണ്ട് നാട്ടിൽ ആഇശയെക്കുറിച്ച് പ്രചരിക്കുന്ന അപവാദത്തെക്കുറിച്ചും അതിൽ തന്റെ മകൻ മിസ്ത്വഹിനും പങ്കുള്ളതായും അവരെ അറിയിച്ചു.

ഉമ്മു മിസ്ത്വഹിൽനിന്ന് തനിക്കെതിരെ നാട്ടിൽ പ്രചരിക്കുന്ന അപവാദം അറിഞ്ഞപ്പോൾ ആഇശ (റ) ദുർവഹമായ അപമാനഭാരത്താലും ദുഃഖത്താലും തളർന്നുപോയി. തോരാതെ കണ്ണുനീരൊഴുക്കാനല്ലാതെ അവർക്ക് ഒന്നും ചെയ്യാനായില്ല. ഇത് അവരുടെ രോഗം പിന്നെയും മൂർഛിപ്പിച്ചു. ആഇശയുടെ മാതാപിതാക്കൾ മകൾ അപായപ്പെടുമോ എന്നുവരെ ഭയന്നുപോയി.

ഈ നാളുകളിൽ പ്രവാചകനും (സ) വലിയ മനോവിഷമത്തിലായിരുന്നു. ഇസ്‌ലാം ദീനിന്റെ പ്രവാചകനും മുസ്‌ലിം ഉമ്മത്തിന്റെ നായകനും എന്ന നിലയിൽ താൻ മാത്രമല്ല, തന്റെ പത്നിമാരും സകലവിധ ധാർമിക ദൂഷ്യങ്ങളിൽനിന്നും പരിശുദ്ധരായിരിക്കേണ്ടതാണ്. പരിശുദ്ധരായാൽ മാത്രം പോരാ, പരിശുദ്ധരാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയും വേണം. ഇപ്പോൾ തന്റെയും ഈ പ്രസ്ഥാനത്തിന്റെയും ധാർമികതയും സദാചാരനിഷ്ഠയും അഭിമാനവും തെരുവിൽ പിച്ചിച്ചീന്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആഇശ അപരാധിയാണോ അല്ലേ എന്ന് സ്ഥിരപ്പെടുത്താവുന്ന തെളിവുകളൊന്നും തന്റെ മുന്നിലില്ല. പിന്നെയുള്ളത് ദിവ്യസന്ദേശ(വഹ്‌യ്)ത്തിലൂടെയുള്ള സ്ഥിരീകരണമാണ്. സംഭവം കഴിഞ്ഞ് നാളുകൾ പിന്നിട്ടിട്ടും അക്കാര്യത്തിൽ ദിവ്യസന്ദേശമൊന്നും ലഭിക്കുന്നുമില്ല. പ്രവാചകൻ അടുത്ത ശിഷ്യന്മാരായ അലി(റ)യോടും ഉസാമത്തുബ്നു സൈദി(റ)നോടും ആഇശയെക്കുറിച്ച് അഭിപ്രായമാരാഞ്ഞു. 'അല്ലാഹുവാണ, പ്രവാചകരേ അങ്ങയുടെ പത്നിയെക്കുറിച്ച് നല്ലതല്ലാത്തതൊന്നും എനിക്കറിയില്ല. ഈ പറഞ്ഞു കേൾക്കുന്നതത്രയും തനി വ്യാജവും നിരർഥകവുമാണ്' എന്നായിരുന്നു ഉസാമതുബ്നു സൈദിന്റെ പ്രതികരണം. അലി(റ) അഭിപ്രായപ്പെട്ടതിങ്ങനെയാണ്: ''തിരുദൂതരേ, സ്ത്രീകൾക്ക് എന്തുപഞ്ഞം. അവർക്കു പകരം മറ്റൊരു വനിതയെ അങ്ങേക്ക് വിവാഹം ചെയ്യാമല്ലോ. ഇനി കാര്യം സൂക്ഷ്മമായറിയണമെങ്കിൽ അവരുടെ വേലക്കാരിയെ വിളിച്ചന്വേഷിക്കാം.'' വേലക്കാരിയെ വിളിച്ചു ചോദിച്ചപ്പോൾ അവൾ പറഞ്ഞു: ''അല്ലാഹുവാണ, ആക്ഷേപാർഹമായ യാതൊന്നും ഞാനവരിൽ കണ്ടിട്ടില്ല. ഉണ്ടെങ്കിൽ അതിതു മാത്രമാണ്: ചിലപ്പോൾ ഞാൻ മാവ് കുഴച്ചുവെച്ച് മറ്റെന്തെങ്കിലും ജോലിക്ക് പോകുമ്പോൾ 'ഇങ്ങോട്ടൊന്നു ശ്രദ്ധിക്കണേ' എന്നു പറയും. പക്ഷേ അവരുറങ്ങിപ്പോകും. ആടു വന്ന് മാവു തിന്നുകയും ചെയ്യും.''

ഇതിനുശേഷം സ്വഹാബത്തിനെ സംബോധന ചെയ്ത് പ്രസംഗിക്കവെ പ്രവാചകൻ (സ) പ്രസ്താവിച്ചു: ''ജനങ്ങളേ, എന്റെ വീട്ടുകാരെക്കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിച്ച് ദ്രോഹിക്കുന്നവരുടെ നിലപാട് അത്ഭുതം തന്നെ. അല്ലാഹുവാണ, എന്റെ ഭാര്യയിലോ ആരോപിക്കപ്പെട്ട പുരുഷനിലോ യാതൊരു നടപടിദൂഷ്യവും ഞാൻ കണ്ടിട്ടില്ല. അയാൾ ഞാനില്ലാത്തപ്പോൾ എന്റെ വീട്ടിൽ വരാറേയില്ല...'' ഈ ഘട്ടത്തിൽ ഔസ് ഗോത്രജനായ ഉസൈദുബ്നു ഹുദൈർ എന്ന ശിഷ്യൻ എഴുന്നേറ്റു പ്രസ്താവിച്ചു (ഈ പ്രസ്താവന നടത്തിയത് സഅ്ദുബ്നു മുആദ് ആണെന്നും പ്രസ്താവമുണ്ട്. രണ്ടു പേരും ഔസ് ഗോത്രത്തിന്റെ നേതാക്കളായിരുന്നു): ''തിരുദൂതരേ, അയാൾ ഞങ്ങളുടെ ഗോത്രക്കാരനാണെങ്കിൽ ഞങ്ങളവന്റെ കഴുത്തുവെട്ടാം. സഹോദര ഗോത്രമായ ഖസ്റജിൽപെട്ടവനാണെങ്കിൽ എന്തു ചെയ്യണമെന്ന് അങ്ങ് പറഞ്ഞാൽ മതി,

ഞങ്ങൾ ചെയ്തുകൊള്ളാം.'' ഇതു കേട്ടപാടെ ഖസ്റജ് ഗോത്രത്തിന്റെ നേതാവായ സഅ്ദുബ്നു ഉബാദ എഴുന്നേറ്റ് തിരിച്ചടിച്ചു: ''അതൊക്കെ നീ ഭള്ളു പറയുകയാണ്. നിനക്കയാളെ കൊല്ലാനൊന്നും കഴിയില്ല. അയാൾ ഖസ്റജ് ഗോത്രക്കാരനായതുകൊണ്ടാണ് നീ കൊല്ലുമെന്ന് പറയുന്നത്. ഔസ് ഗോത്രക്കാരനായിരുന്നുവെങ്കിൽ നീ ഒരിക്കലും അങ്ങനെ പറയില്ലായിരുന്നു.'' അപവാദ പ്രചാരണത്തിന്റെ സൂത്രധാരൻ ഖസ്റജിയായ ഉബയ്യായതുകൊണ്ട്, ഗോത്രവൈരത്താൽ അയാളെ വധിച്ച് തങ്ങളെ അപമാനിക്കാൻ നോക്കുകയാണ് സഅ്ദുബ്നു മുആദെന്നും അതിന് ഖസ്റജികൾ അദ്ദേഹത്തെ അനുവദിക്കുന്ന പ്രശ്നമില്ലെന്നുമാണ് സഅ്ദുബ്നു ഉബാദ ഉദ്ദേശിച്ചത്. 'കപടനായ നിങ്ങൾ കപടവിശ്വാസികൾക്കു വേണ്ടി വാദിക്കുകയാണെ'ന്നായിരുന്നു സഅ്ദുബ്നു മുആദിന്റെ മറുപടി. തുടർന്നു വലിയ ബഹളമായി. പള്ളിയിൽ സംഘട്ടനമുണ്ടാകുമെന്ന അവസ്ഥയായപ്പോൾ പ്രവാചകൻ പ്രസംഗപീഠത്തിൽനിന്ന് ഇറങ്ങിവന്ന് ഇരുകക്ഷികളെയും ശാന്തരാക്കുകയായിരുന്നു.

പിന്നീട് ഒരു ദിവസം നബി(സ) ആഇശ(റ)യെ അവരുടെ വീട്ടിൽ ചെന്നു സന്ദർശിച്ചു. അവരുടെ പിതാവ് അബൂബക്റും (റ) മാതാവ് ഉമ്മുറുമാനും അവിടെയുണ്ടായിരുന്നു. നബി (സ) ആഇശയുടെ ചാരത്തു വന്നിരുന്നുകൊണ്ട് പറഞ്ഞു: ''ആഇശാ, നിന്നെക്കുറിച്ച് ഇന്നയിന്ന വർത്തമാനങ്ങൾ ഞാൻ കേട്ടിരിക്കുന്നു. നീ നിരപരാധിയാണെങ്കിൽ നിന്റെ നിരപരാധിത്വം അല്ലാഹു വെളിപ്പെടുത്തിയേക്കും. ഇനി വല്ല അബദ്ധവും ചെയ്തുപോയിട്ടുണ്ടെങ്കിൽ പശ്ചാത്തപിച്ച് അല്ലാഹുവിനോട് മാപ്പുതേടുക. ദൈവദാസൻ കുറ്റം സമ്മതിച്ച് പശ്ചാത്തപിക്കുമ്പോൾ ദൈവം പൊറുത്തുകൊടുക്കുന്നു.'' ആഇശ (റ) ഒന്നും ഉരിയാടാതെ, പ്രവാചകനോട് സംസാരിക്കാൻ തന്റെ മാതാപിതാക്കളോടാവശ്യപ്പെട്ടു. നബി(സ)യോട് എന്താണ് പറയേണ്ടതെന്നറിയാതെ അവരും കുഴങ്ങി. ഒടുവിൽ ആഇശ (റ) തന്നെ സംസാരിച്ചു: ''നിങ്ങളുടെ ചെവികളിൽ ഒരു വർത്തമാനം വന്നുനിറഞ്ഞു. നിങ്ങളുടെ മനസ്സുകളിൽ അത് തറഞ്ഞുകയറുകയും ചെയ്തിരിക്കുന്നു. ഞാൻ നിരപരാധിയാണെന്ന് ഞാൻ തന്നെ പറഞ്ഞാൽ-എന്റെ നിരപരാധിത്വത്തിന് അല്ലാഹു സാക്ഷിയാണ്-നിങ്ങളാരും അതു വിശ്വസിക്കാൻ പോകുന്നില്ല. ഞാൻ ചെയ്യാത്ത കുറ്റം ചെയ്തുവെന്നു സമ്മതിച്ചാൽ-ഞാനത് ചെയ്തിട്ടില്ല എന്ന് അല്ലാഹുവിനറിയാം-നിങ്ങളതു വിശ്വസിച്ചുകൊള്ളും. ഈ സാഹചര്യത്തിൽ എനിക്ക് ചെയ്യാൻ കഴിയുന്നത്, യൂസുഫ് നബി(അ)യുടെ പിതാവ് പറഞ്ഞതുപോലെ صبر جميل-ഭംഗിയായി


## വെളുത്തേടത്ത്കാട്ടിൽ റാഫി ചികിത്സാ സഹായ കമ്മിറ്റി



തൃശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ പട്ടേപ്പാടം മഹല്ല് വെളുത്തേടത്ത് കാട്ടിൽ അബ്ദുൽ ഖാദർ മകൻ റാഫിയുടെ വൃക്കയുടെ പ്രവർത്തനം നിലക്കാറായ നിലയിലാണ്. ഇപ്പോൾ ആഴ്ചയിൽ മൂന്ന് ദിവസം ഡയാലിസിസ് നടത്തിക്കൊണ്ടിരിക്കുകയാണ്. വൃക്ക മാറ്റിവെക്കൽ മാത്രമാണ് ഏക പോംവഴിയെന്നാണ് ഡോക്ടർമാർ നിർദേശിച്ചിട്ടുള്ളത്. വൃക്ക മാറ്റിവെക്കുന്നതിനും തുടർ ചികിത്സക്കും ഏകദേശം 25 ലക്ഷം രൂപ ചെലവ് വരുമെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെട്ടത്. ഒരു സ്കൂൾ ബസിലെ ഡ്രൈവറായാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. ഡയാലിസിസ് ചെയ്യുന്നത് കാരണം ഇപ്പോൾ ജോലിക്ക് പോകാൻ സാധിക്കുന്നില്ല. ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന കുടുംബത്തിന്റെ ആശ്രയമാണ് റാഫി. ഇത്രയും ഭാരിച്ച തുക ഇദ്ദേഹത്തിന് സ്വന്തമായുണ്ടാക്കാൻ സാധിക്കുകയില്ല. ഈ കുടുംബത്തെ സഹായിക്കുന്നതിനു വേണ്ടി കെ.എസ് അബ്ദുൽ മജീദ് (ജമാഅത്തെ ഇസ്ലാമി മുൻ മേഖലാ നാസിം) ചെയർമാനും ജമാഅത്തെ ഇസ്ലാമി ഇരിങ്ങാലക്കുട ഏരിയാ പ്രസിഡന്റ് എ.എസ് ജലീൽ വൈസ് ചെയർമാനും പട്ടേപ്പാടം മഹല്ല് സെക്രട്ടറി ഇബ്റാഹീം വടക്കൻ കൺവീനറും ജമാഅത്തെ ഇസ്ലാമി പട്ടേപ്പാടം കാർകുൻ ഹൽഖാ നാസിം എം.എം അബ്ദുൽ നാസർ ജോ. കൺവീനറുമായി, സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി മിർസാദ് റഹ്മാൻ, ടി.എ മുഹമ്മദ് മൗലവി മാള, വേളൂക്കര ഗ്രാമപഞ്ചായത്ത് 14-ാം വാർഡ് മെമ്പർ ആമിന അബ്ദുൽ ഖാദർ, പീപ്പ്ൾസ് ഫൗണ്ടേഷൻ ഏരിയാ കോ-ഓർഡിനേറ്റർ എം.എ അൻവർ തുടങ്ങിയവരുൾപ്പെട്ട റാഫി ചികിത്സാ സഹായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. താങ്കളുടെ അകമഴിഞ്ഞ സഹായം ഈ കുടുംബത്തിനു വേണ്ടി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ
വെളുത്തേടത്ത്കാട്ടിൽ റാഫി ചികിത്സാ സഹായ കമ്മിറ്റിക്കുവേണ്ടി

**കെ.എസ് അബ്ദുൽ മജീദ്** (ചെയർമാൻ)
മുൻ മേഖലാ നാസിം, ജമാഅത്തെ ഇസ്ലാമി

എ.എസ് ജലീൽ(വൈസ് ചെയർമാൻ)
പ്രസിഡന്റ്, ജമാഅത്തെ ഇസ്ലാമി ഇരിങ്ങാലക്കുട ഏരിയ

**ഇബ്റാഹീം വടക്കൻ** (കൺവീനർ)
സെക്രട്ടറി, പട്ടേപ്പാടം മഹല്ല് ജമാഅത്ത്

**എം.എം. അബ്ദുൽ നാസർ** (ജോ. കൺവീനർ)
നാസിം, പട്ടേപ്പാടം ഹൽഖ

**സംഭാവനകൾ അയക്കേണ്ട വിലാസം**
**M.M Abdul Nasar, Mudavankattil (H)**
**P.O Vellangallur, Thrissur Dt, Kerala- 680662. Mob: 8943540722**
**Account No. 16330100045650, IFSC FDRL 00001633, Federal Bank, Vellangallur**

ക്ഷമിക്കുക-എന്ന് മാത്രമാണ്.'' ഇതും പറഞ്ഞ് തന്റെ നിരപരാധിത്വം തെളിയുന്നതിന് അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവർ തിരിഞ്ഞുകിടന്നു. ആ വിശ്വാസവും തവക്കുലും അസ്ഥാനത്തായില്ല. പ്രവാചകൻ (സ) സ്ഥലം വിടുന്നതിനു മുമ്പുതന്നെ ഈ സൂറയിലെ 11 മുതൽ 20 വരെ സൂക്തങ്ങൾ അവതീർണമായി. തുടർന്ന് ആഇശ(റ)യെക്കുറിച്ചുയർന്ന അപവാദം തികച്ചും കള്ളമാണെന്ന് വിശ്വാസികൾ വേദവചനങ്ങളായി പാരായണം ചെയ്തുതുടങ്ങി. ലോകാവസാനം വരെ അതു തുടരുകയും ചെയ്യും.

കെട്ടിച്ചമച്ചുണ്ടാക്കുന്ന ആരോപണങ്ങളും ദുഷ്പ്രവാദങ്ങളുമാണ് إِفْك. ആഇശ(റ)യെ കുറിച്ച് പ്രചരിപ്പിക്കപ്പെടുന്ന അപവാദമാണ് ഇവിടെ ഉദ്ദേശ്യം. إِنَّ الَّذِينَ جَاءُوا بِالْإِفْكِ (ഈ അപവാദം കെട്ടിച്ചമച്ചവർ) എന്ന വചനം, 'ആഇശയെക്കുറിച്ച് നാട്ടിൽ പ്രചരിക്കുന്ന ആരോപണം തൽപര കക്ഷികൾ കെട്ടിച്ചമച്ച കള്ളങ്ങൾ മാത്രമാകുന്നു' എന്ന പ്രഖ്യാപനത്തിനു സമാനമാകുന്നു. പത്തു മുതൽ നാൽപതു വരെ അംഗങ്ങളുള്ള സംഘമാണ് ഭാഷയിൽ عصبة ക്ലിക്ക്, ഗ്യാങ്, ലീഗ് തുടങ്ങിയ അർഥങ്ങളിലും ഉപയോഗമുണ്ട്. യു.എന്നിനു മുമ്പുണ്ടായിരുന്ന ലീഗ് ഓഫ് നാഷൻസിനെ عصبة الأمم എന്നാണ് അറബികൾ വിളിച്ചിരുന്നത്. ആഇശ(റ)ക്കെതിരെ അപവാദം പ്രചരിപ്പിക്കുന്ന സംഘമാണ് ഇവിടെ ഉദ്ദേശ്യം. അപവാദം നാട്ടിൽ അലയടിക്കുന്നുണ്ടെങ്കിലും അതു കെട്ടിച്ചമച്ചത് ചെറിയൊരു സംഘമാണ്. സമൂഹത്തിലെ ബഹുഭൂരിപക്ഷവും അതു കേൾക്കുന്നുണ്ടെങ്കിലും വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. അതിന്റെ പ്രചാരകർ മുസ്‌ലിം സമൂഹത്തിനകത്തുതന്നെയുള്ളവരാണെന്ന് منكم -നിങ്ങളിൽപെട്ട-എന്ന വാക്ക് വ്യക്തമാക്കുന്നു. അതായത് പുറമെ നിന്നുള്ള ആക്രമണമല്ല, ഉള്ളിൽനിന്നുള്ള കുത്താണ് ഏറ്റിരിക്കുന്നത്. അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ നേതൃത്വത്തിൽ മുനാഫിഖുകൾ-കപടവിശ്വാസികൾ-ആണതു കെട്ടിച്ചമച്ചതെങ്കിലും കുറച്ചു സത്യവിശ്വാസികളും ആ പ്രചാരണത്തിൽ വീണുപോയിരുന്നു. മിസ്ത്വഹുബ്നു ഉസാസ, സൈദുബ്നു രിഫാഅ, ഹസ്സാനുബ്നു സാബിത്, ഹംന ബിൻത് ജഹ്ശ് തുടങ്ങിയവർ അക്കൂട്ടത്തിൽ പ്രമുഖരാണ്. ഇപ്പറഞ്ഞവരിൽ സൈദുബ്നു രിഫാഅ അബ്ദുല്ലാഹിബ്നു ഉബയ്യിനെപ്പോലെ കപട വിശ്വാസിയായിരുന്നുവെന്നും പ്രസ്താവമുണ്ട്. യഥാർഥ വിശ്വാസികൾ അപവാദപ്രചാരണത്തിൽ അബദ്ധവശാൽ പെട്ടുപോയതായിരുന്നു. സ്വന്തം സമൂഹത്തിലെ തൽപര കക്ഷികൾ കുഴപ്പം സൃഷ്ടിക്കുന്നതിനെക്കുറിച്ചും ശുദ്ധഗതിക്കാർ അതിൽ വീണുപോകുന്നതിനെക്കുറിച്ചും മുസ്‌ലിംകൾ ജാഗ്രതയുള്ളവരായിരിക്കണമെന്ന ഉണർത്തൽ കൂടി عصبة منكم എന്ന വാക്കിലുണ്ട്.

ഇപ്പോഴുയർന്ന ഈ അപവാദം മൂലം പ്രത്യക്ഷത്തിൽ പ്രവാചക കുടുംബം അപമാനിക്കപ്പെടുകയും മുസ്‌ലിം സമൂഹത്തിന്റെ വിശിഷ്ട ഗുണമായ ധാർമികത ചോദ്യം ചെയ്യപ്പെടുകയും ചെയ്തെങ്കിലും യഥാർഥത്തിൽ ബന്ധപ്പെട്ട വ്യക്തികൾക്കും സമുദായത്തിനും അത് ഗുണകരമായിത്തീർന്നിരിക്കുകയാണ്. ആരോപണം കള്ളമാണെന്നു സ്ഥിരപ്പെട്ടതോടെ അതുമൂലം ഉണ്ടായ അപമാനവും ധർമക്ഷയവും നീങ്ങിപ്പോയിരിക്കുന്നു. പ്രവാചക പത്നിയുടെ പരിശുദ്ധത പൂർവോപരി തിളക്കത്തോടെ വെളിപ്പെട്ടിരിക്കുന്നു. മുസ്‌ലിം സമൂഹത്തിനകത്തുതന്നെ അവരെ നശിപ്പിക്കാൻ തക്കം പാർത്തിരിക്കുന്ന അഞ്ചാംപത്തികളുണ്ടെന്നും അവരാരൊക്കെയാണെന്നും നന്നായി തിരിച്ചറിയാൻ അവസരം ലഭിച്ചുവെന്നതാണ് പ്രധാന ഗുണം. ഇങ്ങനെയൊരവസരം ഉണ്ടായില്ലെങ്കിൽ ആ ഗ്രൂപ്പ് കൂടുതൽ വളരാനും ഇതേക്കാൾ ഗുരുതരമായ ആപത്തുകൾ സൃഷ്ടിക്കാനും ഇടയാകുമായിരുന്നു. സമൂഹത്തിനകത്ത് ഒളിഞ്ഞുകിടന്ന ചില ദൗർബല്യങ്ങൾ ഈ പരീക്ഷണത്തിലൂടെ വെളിപ്പെട്ടുവെന്നതും തക്കസമയത്ത് സംസ്കരണ നടപടികളുണ്ടായി എന്നതുമാണ് രണ്ടാമത്തെ ഗുണം.

മൂന്നാമത്തെ ഗുണം, സമൂഹത്തിന്റെ സംസ്കരണവും അച്ചടക്കവുമായി ബന്ധപ്പെട്ട നിരവധി മാർഗദർശനങ്ങളുടെ അവതരണത്തിന് അനുയോജ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടുവെന്നതാണ്. ഇത്തരമൊരന്തരീക്ഷത്തിലല്ല ഈ മാർഗദർശനങ്ങളവതരിക്കുന്നതെങ്കിൽ അതിന്റെ യഥാർഥ മൂല്യവും മഹത്വവും വ്യക്തമാകുമായിരുന്നില്ല.

അപവാദ സംഭവം ആത്യന്തികമായി മുസ്‌ലിം സമുദായത്തിന് ഗുണകരമാണെങ്കിലും ആ സംഭവത്തിലിടപെട്ടവരൊക്കെ കുറ്റവാളികൾ തന്നെയാണ്. ഇടപെട്ടത് അബദ്ധത്തിലായാലും ശുദ്ധഗതികൊണ്ടായാലും. ഓരോരുത്തരും അതിൽ എത്രത്തോളം ഇടപെട്ടുവോ അത്രത്തോളം പാപത്തിൽ പങ്കാളിയായിരിക്കുന്നു. ശുദ്ധഗതിയും അബദ്ധവും കുറ്റകൃത്യങ്ങളെ ന്യായീകരിക്കുകയില്ല. എങ്കിലും അവർക്ക് പശ്ചാത്താപത്തിലൂടെയും പാപമോചന പ്രാർഥനയിലൂടെയും മാപ്പു നേടാനും ശിക്ഷാമുക്തരാകാനും കഴിഞ്ഞേക്കും. എന്നാൽ ഈ ആരോപണം കെട്ടിച്ചമച്ച് പ്രചരിപ്പിക്കുന്നതിന് മുഖ്യ കാർമികത്വം വഹിച്ചയാൾക്ക് ഭയാനകമായ ശിക്ഷ തന്നെയാണുള്ളത്. ഒരു കുറ്റകൃത്യത്തിന്റെ മൗലികവും മുഖ്യവുമായ ഭാഗമാണ് كِبْرٌ. ഈ കുറ്റകൃത്യത്തിന്റെ മുഖ്യ കാർമികത്വം അല്ലെങ്കിൽ ഉത്തരവാദിത്തം ഏറ്റെടുത്തയാളാണ് وَالَّذِي تَوَلَّىٰ كِبْرَهُ. കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യാണ് ഉദ്ദേശ്യം. അപവാദം പ്രചരിപ്പിച്ചവരെല്ലാം ശിക്ഷാർഹരാണെങ്കിലും അതിനു നേതൃത്വം നൽകിയയാൾക്ക് കൂടുതൽ ഭയാനകവും ഗുരുതരവുമായ ശിക്ഷയുണ്ടെന്നോർമിപ്പിക്കുകയാണ്. ഇവിടെ സൂചിപ്പിക്കുന്ന ശിക്ഷ പരലോക ശിക്ഷയാണ്. വ്യാജ വ്യഭിചാരാരോപണം നിയമപരമായി സ്ഥിരപ്പെട്ടാൽ ഭൗതികലോകത്തും ശിക്ഷയുണ്ട്. 4-ാം സൂക്തത്തിൽ പ്രസ്താവിച്ച എൺപത് അടി വിധിക്കാവുന്ന വിധം ആരും പ്രവാചക സന്നിധിയിൽ വന്ന് സാക്ഷികളില്ലാതെ ഈ ആരോപണം ഉന്നയിച്ചിരുന്നില്ല.

■